വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെത്തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ആഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

2019-ൽ നാളിതുവരെ 946 ക്ലെയിം പെറ്റീഷനുകൾ മിനിമം വേതന നിയമപ്രകാരം ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം *2 ആയി ചേർത്തിട്ടുണ്ട്.

(ഇ) സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

## ബാലവേല നിർമ്മാർജ്ജനവും ബാലതൊഴിലാളി പുനരധിവാസവും

281(1071) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും വേണ്ടി നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കുന്ന തൊഴിൽ ദാതാക്കൾക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ഉത്തരം

(എ) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) എന്നിവർ മുഖേന പരിശോധനകൾ നടത്തുമ്പോൾ ബാലവേല ഉണ്ടോ എന്നത് പരിശോധിച്ചുവരുന്നു. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12, ജില്ലകളിൽ ബാലവേല വിരുദ്ധ ദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുവരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ചൈൽഡ് & അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ടിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെക്കൂടി വനിതാ-ശിശു വികസന വകുപ്പിന്റെ സഹകരണത്തോടുകൂടി പങ്കെടുപ്പിച്ചുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ടാസ്ക്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അസിസ്റ്റന്റ് ലേബർ ആഫീസർ മുഖാന്തരം സ്ഥാപനങ്ങൾ പരിശോധിക്കുന്ന അവസരങ്ങളിൽ ബാലവേല നിരോധന നിയമപ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം ലംഘിക്കുന്ന തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും.

### കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കരട് സാമൂഹ്യ സുരക്ഷാചട്ടം

282(1072) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ കരട് സാമൂഹ്യ സുരക്ഷ ചട്ടത്തിൽ നിന്നും പി.എഫ്.-ഉം ഇ. എസ്. ഐ.-യും അടക്കമുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ സാർവ്വത്രികമാക്കുമെന്ന വ്യവസ്ഥ എടുത്ത് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;